# തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനം: ഇരയ്ക്ക് ലഭിച്ച നഷ്ടപരിഹാരം ആദായ നികുതിക്കു വിധേയമല്ല

## ഇൻകം ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ, മുംബൈ

I.T.A. No. 4351/Mum/2015 Dt. 14.11.2018

സുഷ്മിത സെൻ

x

അസിസ്റ്റന്റ് കമ്മീഷണർ ഓഫ്
ഇൻകം ടാക്സ്

സുപ്രസിദ്ധ സിനിമാ നടിയായ സുഷ്മിത ഫീച്ചർ ഫിലിമുകളിലും പരസ്യ ഫിലിമുകളും അഭിനയിക്കുകയും പരസ്യങ്ങൾക്ക് മോഡലാകുകയും സ്റ്റേജ് പരിപാടികൾ നടത്തുകയും ചെയ്യുന്ന വ്യക്തിയാണ്. അപ്രകാരമിരിക്കെ കൊക്ക കോള ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിയുമായി സുഷ്മിത കരാറിലേർപ്പെട്ടു. കമ്പനിക്കു വേണ്ടി പരസ്യ ചിത്രത്തിൽ അഭിനയിക്കാമെന്ന വാഗ്ദാനമാണ് കരാറിൽ വ്യക്തമാക്കിയത്. കരാറുമായി ബന്ധപ്പെട്ട് ചർച്ച നടത്തുന്നതിനു വേണ്ടി കമ്പനിയുടെ ഓഫീസിലെത്തിയ നടിയെ കമ്പനിയിലെ ഉന്നത ഉദ്യോഗസ്ഥൻ അവഹേളിക്കുകയുണ്ടായി. സ്ത്രീത്വത്തെ അപമാനിക്കുന്ന പ്രവൃത്തിയാണ് ഉദ്യോഗസ്ഥന്റെ പക്കൽ നിന്ന് നടിക്ക് നേരിടേണ്ടിവന്നത്. തുടർന്ന് നടി കരാർ അവസാനിപ്പിക്കുകയും കമ്പനിക്കെതിരെ മാനനഷ്ടത്തിന് വ്യവഹാരം നല്കുകയും ചെയ്തു. പിന്നീട് വ്യവഹാരം ഒത്തുതീർന്നു. പരസ്യ ചിത്രത്തിൽ അഭിനയിക്കുന്നതിനുള്ള പ്രതിഫലമായ അമ്പത് ലക്ഷം രൂപയും മാനനഷ്ടത്തിന് പരിഹാരമായി തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപയും കമ്പനി നടിക്കു നല്കാമെന്നതായിരുന്നു ഒത്തുതീർപ്പ്. അതനുസരിച്ചുള്ള സംഖ്യ നടി കൈപ്പറ്റുകയും ചെയ്തു. ആ വർഷത്തെ ആദായ നികുതി കണക്കുകൾ അധികൃതർക്ക് സമർപ്പിച്ചപ്പോൾ നഷ്ടപരിഹാരമായി ലഭിച്ച തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ നികുതിവിധേയമല്ലാത്ത മൂലധനമായാണ് കാണിച്ചത്. തുടർന്ന് സൂക്ഷ്മ പരിശോധന നടത്തിയ നികുതിനിർണ്ണയോദ്യോഗസ്ഥൻ പ്രസ്തുത തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ മറച്ചുവച്ച വരുമാനമാണെന്ന് പ്രഖ്യാപിക്കുകയും ആ സംഖ്യക്കും നികുതിയടയ്ക്കണമെന്നും വരുമാനം മറച്ചുവച്ചതിനാൽ പിഴ ഒടുക്കണമെന്നും ഉത്തരവിടുകയും ചെയ്തു. ഇതിനെതിരെ നടി ഒന്നാം അപ്പീലധികാരിയുടെ മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെങ്കിലും അത് തള്ളപ്പെടുകയാണുണ്ടായത്. തുടർന്ന് നികുതിദായക ഇൻകം ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. കൊക്ക കോള കമ്പനിയിൽ നിന്ന് നികുതിദായകക്കു ലഭിച്ച അമ്പതു ലക്ഷം രൂപ മാത്രമാണ് തൊഴിലിൽ നിന്നുള്ള വരുമാനമെന്ന് ട്രൈബ്യൂണൽ വിലയിരുത്തി. ബാക്കിയുള്ള തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ തൊഴിലിൽ നിന്നുള്ള വരുമാനമല്ലെന്നും അത് മാനനഷ്ടത്തിന് ലഭിച്ച നഷ്ടപരിഹാരമാകയാൽ മൂലധനമാണെന്നും ട്രൈബ്യൂണൽ വ്യക്തമാക്കി. അതിനാൽ നികുതിദായക വരുമാനം മറച്ചുവച്ചിട്ടില്ലെന്ന് ട്രൈബ്യൂണൽ പ്രഖ്യാപിച്ചു. തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപക്ക് നികുതി ബാധകമല്ലാത്തതിനാൽ പിഴ ചുമത്തിയതും നിയമവിരുദ്ധമാണെന്ന് ട്രൈബ്യൂണൽ വിലയിരുത്തി. നികുതിദായക അധികമായി നികുതിയോ പിഴയോ അടക്കേണ്ടതില്ലെന്നു കണ്ട ട്രൈബ്യൂണൽ കീഴ് അധികാരികളുടെ ഉത്തരവുകൾ റദ്ദാക്കി.